A friend can change your destiny

# സ്നേഹിതൻ
ക്രിസ്തീയ വാർത്താ പത്രിക
കുവൈറ്റ്

MARCH 2017 | VOLUME 5 | ISSUE 45

FOR PRIVATE CIRCULATION ONLY

ചരിത്രവും ചലനവും ············ സാം കൊണ്ടാഴി

അന്നുമുതൽ മുള്ളറിന്റെ ജീവിതം പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കും വഴിമാറി. എല്ലാ ദിവസവും അനേക മണിക്കൂർ മുട്ടുകുത്തി പ്രാർത്ഥിക്കുക പതിവായി. ശനിയാഴ്ചത്തെ പ്രാർത്ഥനാക്കൂട്ടായ്മ അദ്ദേഹത്തെ വിശ്വാസവീരനാക്കി.

# ജോർജ്ജ് മുള്ളർ

വളരെ പ്രശസ്തനായ ഒരു പത്രപ്രവർത്തകൻ ജീവിത സായാഹ്നത്തോടടുത്ത ജോർജ് മുള്ളറോട് ചോദിച്ചു. ദൈവം മറുപടി തരാത്ത ഏതെങ്കിലും പ്രാർത്ഥനകൾ താങ്കളുടെ ജീവിതത്തിലുണ്ടോ? മുള്ളർ മറുപടി പറഞ്ഞു 'ഇല്ല'. എല്ലാ പ്രാർത്ഥനകൾക്കും ദൈവം എനിക്ക് മറുപടി തന്നിട്ടുണ്ട്. ഒരു നിമിഷം എന്തോ ചിന്തിച്ചിട്ട് അദ്ദേഹം തുടർന്നു. ഒരു വിഷയത്തിന് കൂടി മറുപടി ലഭിക്കുവാനുണ്ട്. സുഹൃത്തിന്റെ മകന്റെ മാനസാന്തരത്തിനായി കഴിഞ്ഞ 53 വർഷങ്ങളായി ഞാൻ പ്രാർത്ഥിക്കുന്നു.

ഭക്തിനിർഭരമായ മുള്ളറിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുട്ടുമടക്കി അനുതാപത്തോടെ കണ്ണീർപൊഴിച്ച് ഒരു മനുഷ്യൻ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുന്നത് ആ പത്രപ്രവർത്തകൻ കണ്ടു. ആ മനുഷ്യൻ മുള്ളറിന്റെ സുഹൃത്തിന്റെ മകനായിരുന്നു! ശവസംസ്കാരശുശ്രൂഷയിൽ കേട്ട മുള്ളറിന്റെ വിശ്വാസജീവിതവും ദൈവവചനവും ആ മനുഷ്യന്റെ മാനസാന്തരത്തിന് കാരണമായി. പ്രാർത്ഥനാവിഷയങ്ങളും അവയ്ക്ക് ലഭിച്ച മറുപടിയും എഴുതിസൂക്ഷിക്കുന്ന പതിവ് ജോർജ് മുള്ളറിന് ഉണ്ടായിരുന്നു. ചെറുതും വലുതുമായ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച അദ്ദേഹത്തിന് ദൈവം തക്കസമയത്ത് മറുപടി നൽകിയിരുന്നു. മുള്ളർ പ്രാർത്ഥിച്ച 53000 പ്രാർത്ഥനകളും അവയുടെ മറുപടികളും അദ്ദേഹം തന്നെ രേഖപ്പെടുത്തിയ ഡയറിക്കുറിപ്പുകളിൽ കാണാം.

**പ്രാർത്ഥനാമനുഷ്യനായ ജോർജ് മുള്ളർ**

'നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറയ്ക്കും' (സങ്കീർത്തനം 81:10) ജോർജ് മുള്ളറിന്റെ ജീവിതം ഒരു നിറവായിരുന്നു. വിശ്വാസവീരനും പ്രാർത്ഥനാമനുഷ്യനുമായ മുള്ളറിന്റെ ജീവിതം ഏവർക്കും ആവേശകരമാണ്. ദൈവത്തിന്റെ മുൻപിൽ മുട്ടുകുത്തുന്നവൻ മനുഷ്യന്റെ മുമ്പിൽ തലകുനിക്കേണ്ടിവരില്ലായെന്നു മുള്ളറിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. വിശ്വാസം പ്രവൃത്തിയിലാക്കി മനുഷ്യനിൽ ആശ്രയിക്കാതെ മുള്ളർ ദൈവത്തിനും മനുഷ്യനും പ്രസാദമായത് ചെയ്തു. കറതീർന്ന ഒരു മനുഷ്യസ്നേഹിയായ അദ്ദേഹം അനേകായിരം നിർധന കുഞ്ഞുങ്ങൾക്ക് ഒരു അത്താണിയായിരുന്നു. ഒരു പ്രാർത്ഥനാ മനുഷ്യനായും വിശ്വാസവീരനായും അദ്ദേഹം വിശ്വാസിസമൂഹത്തിൽ വിളങ്ങുന്നു. ആധുനികകാലത്തിലെ മുടിയൻ പുത്രൻ എന്നു വിശേഷിപ്പിക്കാവുന്ന മുള്ളറിന്റെ ജീവിതം സാഹസികത നിറഞ്ഞതായിരുന്നു. രക്താംബരം പോലെ ചുവന്ന പാപിയെ ഹിമംപോലെ വെളുത്ത നീതിമാനാക്കുന്ന ദൈവപ്രവൃത്തിയുടെ മകുടോദാഹരണമാണ് ജോഹാൻ ജോർജ് ഫെർഡിനാഡ് മുള്ളർ എന്ന ജോർജ് മുള്ളർ



1805 സെപ്റ്റംബർ 27-ന് ഇന്നത്തെ ജർമ്മനിയായ പേർഷ്യയിൽ ജനിച്ച മുള്ളറിന്റെ ബാല്യകൗമാരകാലം കുത്തഴിഞ്ഞതായിരുന്നു. പിതാവ് ഗവൺമെന്റിലെ റവന്യൂ കലക്ടറായിരുന്നു. ചെറുപ്പത്തിൽ പണത്തിന്റ ധാരാളിത്തത്തിൽ ജീവിച്ച മുള്ളർ വേഗത്തിൽ വഴിവിട്ട ജീവിതത്തിലേക്കു കൂപ്പു കുത്തി. പാപത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ടു. കൂട്ടുകാരോടൊപ്പം പുലരുവോളം മദ്യശാലകളിലിരുന്ന് മദ്യപാനവും ചൂതാട്ടവും നിത്യസംഭവങ്ങളായി. മോഷണവും കള്ളത്തരവും കൂടെപ്പിറപ്പായി മാറിയ മുള്ളർ പിതാവിന്റെ പണം മോഷ്ടിച്ച് ദുശീലങ്ങൾക്ക് ഉപയോഗിച്ചു. മുള്ളർ തന്റെ പതിനാലാമത്തെ വയസ്സിൽ അമ്മ മരിക്കുമ്പോൾ കൂട്ടുകാരോടൊപ്പം മദ്യപിച്ച് തെരുവിൽ അലയുകയായിരുന്നു. ഒരു ഭൂവുടമയെ ചതിച്ചുവെന്നപേരിൽ 16-മത്തെ വയസ്സിൽ ജയിലിലിലടയ്ക്കപ്പെട്ടു. പിതാവിന്റെ സ്വധീനത്തിൽ ജയിൽ മോചിതനായ മുള്ളറിനെ ലൂഥറൻ പുരോഹിതനാക്കുവാൻ ഹാലേ യൂണിവേഴ്സിറ്റിയിലേക്ക് പിതാവ് അയച്ചു. കലാലയജീവിതത്തിൽ പണം ആവിയായി തീർന്നപ്പോൾ വിലപിടിച്ച വസ്ത്രംപോലും പണയം വെച്ച് ധൂർത്തടിച്ചു. 1825 നവംബറിലെ ഒരു ശനിയാഴ്ച സുഹൃത്ത് ബേത്തുമായി മുള്ളർ നടക്കുകയായിരുന്നു. മടിച്ച് മടിച്ച് ബേത്ത് ചോദിച്ചു. മുള്ളർ ഇന്നൊരു പ്രാർത്ഥനയുണ്ട്, വരുന്നോ?

പ്രാർത്ഥനയോ? മുള്ളർ തിരിച്ചു ചോദിച്ചു. ശനിയാഴ്ചകളിൽ നടക്കുന്ന സായാഹ്ന പ്രാർത്ഥനായോഗമാണ്. അവിടു

*ശേഷം 3-ാം പേജിൽ*

**മുഖക്കാഴ്ച**

## വിശ്വാസ സംബന്ധമായി ഉറച്ചു നിൽക്കുക

**(2 കൊരിന്ത്യർ 1:24)**

ദൈവവിശ്വാസം വ്യക്തമാക്കുന്ന അനുഭവം സഭയിൽ നിന്ന് ഉണ്ടാകണം. അപ്പോസ്തലനായ പൗലോസ് കോരിന്ത് സഭയെ കുറിച്ച് ദൈവ വിശ്വാസ സംബന്ധമായ അവരുടെ ഉറച്ചു നിൽപ്പിന്റെ വിലയിരുത്തൽ വെളിപ്പെടുത്തുന്നു.

സഭയ്ക്ക് ദൈവ ശക്തിയിലൂടെ അത് ലഭ്യമാണ്. എന്നാൽ ഇന്ന് മാനുഷിക ബുദ്ധിയെ പരിപോഷിപ്പിക്കുന്നത് കൊണ്ട് വിശ്വാസം അസ്ഥിരപെടുന്നു. സഭയുടെ നേതൃത്വം പരിശുദ്ധ ആത്മാവിന്റെ നിയോഗത്തെ ആത്മീയ യോഗങ്ങളിൽ വിളംബരം ചെയ്യുന്നുവെങ്കിലും സഭയിൽ നടപ്പിലാക്കുന്നത് ജഡികനയങ്ങളാണ്. സഭയുടെ പദവികൾ നില നിർത്തുവാൻ അവർ ദൈവ വിശ്വാസത്തിന്റെ വിലയെ കുറച്ചു കണ്ട് മാനുഷികമായ തന്ത്രങ്ങൾ മെനയുന്നു. വിശ്വാസസംബന്ധമായ ഘടകങ്ങളെ കാറ്റിൽ പറത്തി ലൗകികമായ സ്വാധീന മേഖലകളിൽ ആശ്രയിക്കുന്നു. തന്മൂലം പരിശുദ്ധ ആത്മാവിന് ഇടം നഷ്ടപെടുന്നു. ലോകത്തിന്റെ പ്രഭുക്കൾക്ക് ഇടംകൊടുക്കുവാൻ സഭാവേദികൾ സംവരണം ചെയ്യുന്നു. അരുതാത്ത വേദികളിൽ കൊള്ളരുതാത്തവരുടെ കൂടെ നിന്ന് ചിത്രമെടുക്കുമ്പോൾ പോലും അവർക്ക് വിശ്വാസ വികാരം ഇല്ലാതെ പോകുന്നു. മനപൂർവം ആയി പോലും ഇവയെയൊക്കെ സ്വീകരിക്കുകയും പ്രവേശിപ്പിക്കുകയും ചെയ്യുമ്പോൾ വിശ്വാസത്തിന്റെ ഉറപ്പ് നഷ്ടപ്പെടുകയല്ലേ...!

പിന്നെ അനുസരണമില്ലാത്ത സഭയിലെ അംഗങ്ങൾ ഇതിനപ്പുറം പോകുമ്പോൾ അവരിൽ പലരും സഭയുടെ നിയന്ത്രിത ഘടകമാകുമ്പോൾ സഭയ്ക്ക് ഉള്ള വിശ്വാസം ഏതു വിധം? വിശ്വാസത്തിനു നിരക്കാത്തതിനെ പുറത്തു ചാടിക്കുവാൻ തന്റേടമുള്ള വിശ്വാസ വീരന്മാർ സഭ നയിക്കുവാൻ ഉണ്ടാകട്ടെ...

*എഡിറ്റർ*

## സ്നേഹിതൻ ബൈബിൾ ക്വിസ് 2017 നവംബറിൽ

കുവൈറ്റ്: സ്നേഹിതൻ വാർത്താ പത്രികയുടെ അഞ്ചാമത് ബൈബിൾ ക്വിസ് നവംബറിൽ നടക്കും. സീനിയർ വിഭാഗത്തിൽ മലയാളം സത്യവേദപുസ്തകത്തിൽ നിന്നും ദാനിയേൽ, 1 കൊരിന്ത്യർ ആയിരിക്കും പുസ്തക ഭാഗങ്ങൾ. ജൂനിയർ വിഭാഗം 11 വയസ് മുതൽ 17 വരെയാണ് പ്രായപരിധി. യോവേൽ, ദാനിയേൽ, 1, 2 പത്രോസ് എന്നിവയിൽ നിന്നും *NJKV, KJV* ആയിരിക്കും ഉപയോഗിക്കുന്നത്. സബ് ജൂനിയർ വിഭാഗം 7 വയസ് മുതൽ 10 വരെയാണ്.1, 2 കൊരിന്ത്യർ *NJKV* യിൽ നിന്നും എഴുത്ത് പരീക്ഷ നടത്തും. കൂടുതൽ വിവരങ്ങൾക്ക്: 97496970, 51013316, 66829342

# ക്രിസ്ത്യൻ സന്നദ്ധസംഘടനകളെ ഇന്ത്യയിൽ നിന്നും നാടുകടത്തുന്നു: നഷ്ടമാകുന്നത് ഒന്നര ലക്ഷത്തോളം പാവപ്പെട്ട കുട്ടികൾക്കുള്ള സഹായം

ന്യൂഡൽഹി: ഭാരതത്തിൽ അശരണരായവർക്ക് സഹായമെത്തിക്കുന്ന ക്രൈസ്തവ സന്നദ്ധ സംഘടനകളെ കേന്ദ്ര സർക്കാർ നിരോധിക്കുന്നു. യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കംപാഷൻ ഇന്റർനാഷണൽ അടക്കമുള്ള സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഈ മാസം 15-ാം തീയതിയോടെ അവസാനിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ കർശന നിർദ്ദേശം. ദരിദ്രരായ ഒന്നരലക്ഷത്തോളം വരുന്ന കുട്ടികളെയാണ് ഇത് നേരിട്ട് ബാധിക്കുന്നത്.

ക്രിസ്തു മതത്തിലേക്ക് കുട്ടികളെ മതപരിവർത്തനം നടത്തുന്നുവെന്ന അടിസ്ഥാന രഹിതമായ ആരോപണമാണ് ഭാരത സർക്കാർ തങ്ങൾക്കെതിരെ ഉന്നയിക്കുന്നതെന്ന് കംപാഷൻ ഇന്റർനാഷണലിന്റെ ഭാരവാഹികൾ പറഞ്ഞു. 25-ൽ അധികം രാജ്യങ്ങളിൽ കംമ്പാഷൻ ഇന്റർനാഷണൽ പ്രവർത്തിക്കുന്നുണ്ട്.

ഭാരതത്തിലെ വിവിധ സംഘടനകൾ വഴി കംപാഷൻ ഇന്റർനാഷണൽ 1,45,000-ൽ പരം കുട്ടികൾക്കാണ് സഹായം ചെയ്തു നൽകുന്നത്. സന്നദ്ധ പ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്തിക്കുവാൻ സംഘടനയുടെ 589 ജീവനക്കാർ രാജ്യത്ത് ജോലി ചെയ്യുന്നുണ്ട്. മറ്റ് രാജ്യങ്ങളിൽ ഉയരാത്ത ആരോപണമാണ് അടിസ്ഥാനരഹിതമായി കേന്ദ്രസർക്കാർ ഉയർത്തിയിരിക്കുന്നത്.

യുഎസ് നയതന്ത്ര ഉദ്യോഗസ്ഥരിൽ നിന്നുൾപ്പെടെ സമ്മർദം ഉണ്ടായിട്ടും വിഷയത്തിൽ ഒരു വിട്ടുവീഴ്ച്ചയ്ക്കും കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. സർക്കാർ തീരുമാനം മൂലം ഭക്ഷണവും, വിദ്യാഭ്യാസവും മുടങ്ങുന്ന പാവപ്പെട്ട കുട്ടികൾക്ക് സഹായം എത്തിച്ചു നൽകുവാൻ കേന്ദ്രം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. തങ്ങൾ കുട്ടികളെ മതം മാറ്റുന്നുവെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്ന് കംപാഷൻ ഇന്റർനാഷണൽ ഓസ്ട്രേലിയൻ വക്താവ് ടിം ഹന്ന പറഞ്ഞു.

"ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിദേശത്തു നിന്നും നൽകുന്ന പണത്തെ സ്വീകരിക്കരുതെന്ന ഉത്തരവ് ഭാരതത്തിലെ ആഭ്യന്തര മന്ത്രാലയം നൽകിയിരിക്കുകയാണ്. ക്രൈസ്തവ മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങളുടെ സംഘടന പ്രവർത്തിക്കുന്നതെങ്കിലും, ആരെയും മതം മാറ്റുവാൻ ഞങ്ങൾ ശ്രമിക്കാറില്ല. ഞങ്ങളുടെ ജീവനക്കാർ നേരിട്ടല്ല ഈ പണം സാധുക്കളിലേക്ക് എത്തിക്കുന്നത്".

"ഭാരതത്തിന്റെ വിവിധ കോണുകളിൽ നിന്നും വരുന്ന പ്രാദേശിക നേതാക്കൾ വഴിയാണ് ഈ പണം ആവശ്യക്കാരിലേക്ക് എത്തുന്നത്. സാധുക്കളെ ജാതിയോ, മതമോ, ദേശമോ നോക്കാതെ സ്നേഹിക്കുക എന്ന ക്രിസ്തുവിന്റെ കൽപ്പനയെ ഞങ്ങൾ അനുസരിക്കുക മാത്രമാണ് ചെയ്യുന്നത്. ഭാരത സർക്കാർ ആരോപിക്കുന്നതു പോലെയുള്ള മതം മാറ്റമല്ല ഞങ്ങളുടെ ലക്ഷ്യം" ടിം ഹന്ന പറഞ്ഞു.

വിദേശ ഫണ്ട് സ്വീകരിക്കുന്ന പതിനായിരത്തിൽ അധികം സംഘടനകളെയാണ് ഭാരത സർക്കാർ പണം സ്വീകരിക്കുന്നതിൽ നിന്നും അടുത്തിടെ വിലക്കിയത്. സർക്കാർ തീരുമാനത്തിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയരുന്നുണ്ടെങ്കിലും കേന്ദ്രം നിശബ്ദത പാലിക്കുകയാണ്. ക്രൈസ്തവ, മുസ്ലീം വിശ്വാസികളെ ലക്ഷ്യമിട്ടാണ് സർക്കാരിന്റെ തീരുമാനമെന്ന് ആക്ഷേപവും ഇതിനോടകം തന്നെ ഉയർന്നിട്ടുണ്ട്.

Christian Newspaper
Published from Kuwait

## ലേഖനം

# അധികാരത്തോടുള്ള വിധേയത്വം




### സാക് പുന്നൻ

വിധേയത്വത്തെക്കുറിച്ച് 1 പത്രൊസിൽ അപ്പോസ്തലനായ പത്രൊസ് വളരെയധികം സംസാരിക്കുന്നുണ്ട്. ദൈവത്തിന്റെ സത്യ കൃപ അനുഭവിക്കുന്ന ഒരാൾ താൻ പോകുന്നിടത്തെല്ലാം എല്ലായ്പ്പോഴും അധികാരങ്ങൾക്ക് വിധേയപ്പെട്ടിരിക്കും. അയാൾക്ക് വിധേയത്വം സംബന്ധിച്ച് യാതൊരു പ്രശ്നവും ഉണ്ടായിരിക്കുകയില്ല. ആദം സൃഷ്ടിക്കപ്പെടുന്നതിന് വളരെ മുമ്പു തന്നെ മത്സരത്തിൽ നിന്ന് പാപം ഉത്ഭവിച്ചു. ഏറ്റവും ഉന്നതനായിരുന്ന പ്രധാന ദൂതൻ ദൈവത്തിന്റെ അധികാരത്തോടു മത്സരിക്കുകയും പെട്ടെന്നു തന്നെ അവൻ പിശാചായി മാറുകയും ചെയ്തു. അതുകൊണ്ടാണ് മത്സരം ആഭിചാര ദോഷം പോലെ പാപം ആയിരിക്കുന്നത്? (1 ശമുവേൽ 15 :23) കാരണം ആഭിചാരം എന്ന പ്രവൃത്തി ചെയ്യുന്നത്രയും തന്നെ മത്സരത്തിന്റെ ആത്മാവ് ഒരാളെ ദുരാത്മാക്കളുമായുള്ള ബന്ധത്തിലേക്ക് കൊണ്ടുവരുന്നു. യേശു പിശാചിനെ ജയിച്ചത് അതിനു നേരെ എതിരായ മാർഗ്ഗത്തിൽ ജീവിച്ചതുകൊണ്ടാണ്. അവിടുന്ന് തന്നെത്താൻ താഴ്ത്തുകയും തന്റെ പിതാവിനോടുള്ള പൂർണ്ണ വിധേയത്വത്തിൽ ഭൂമിയിലേക്കു വരികയും, ഈ ഭൂമിയിൽ അവിടുന്ന്, അപൂർണ്ണരായ ജോസഫിനും മറിയയ്ക്കും 30 വർഷങ്ങളോളം വിധേയപ്പെട്ടു ജീവിക്കുകയും ചെയ്തു, കാരണം സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മേൽ ആക്കി വച്ച മാനുഷ അധികാരികൾ ആയിരുന്നു അവർ. ദൈവത്തിന്റെ സത്യ കൃപ അനുഭവിച്ചിട്ടുള്ള ഒരുവൻ തന്റെ ദേഹിയിൽ മത്സരത്തിന്റെ ആത്മാവിൽ നിന്നുള്ള രക്ഷ അനുഭവിക്കും. അധികാരത്തിനു വിധേയപ്പെടുന്ന കാര്യത്തിൽ നിങ്ങൾക്ക് ഒരു പ്രശ്നം ഉണ്ടെങ്കിൽ, നിങ്ങൾ നിങ്ങളുടെ ദേഹിയിൽ രക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു.

എല്ലാ മാനുഷാധികാരങ്ങൾക്കും, രാജാക്കന്മാർ, ഗവർണർമാർ തുടങ്ങിയവർക്ക്, വിധേയപ്പെടുവാനാണ് ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരിക്കുന്നത്. (1 പത്രൊസ് 2:13,14). ആ കാലത്ത് നീറോ ആയിരുന്നു റോമിന്റെ ചക്രവർത്തി. ഏതു കാലത്തും റോം ഭരിച്ചിട്ടുള്ള ഏറ്റവും നീചന്മാരായ രാജാക്കന്മാരിൽ ഒരാളായിരുന്നു അയാൾ. അയാൾ ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു. എന്നിട്ടും പത്രൊസ് ക്രിസ്ത്യാനികളോട് അയാൾക്കു വിധേയപ്പടുവാൻ മാത്രമല്ല, രാജാവിനെ ബഹുമാനിക്കുവാനും കൂടി പറഞ്ഞു (1 പത്രൊസ് 2:17). നാം എല്ലാവരേയും ബഹുമാനിക്കണം എന്നു കൂടി അദ്ദേഹം പറയുന്നു. (1 പത്രൊസ് 2:17). പഴയ ഉടമ്പടിയിൻ കീഴിൽ, നാം പ്രായമുള്ളവരെ ബഹുമാനിക്കണമെന്നാണ് നിയമം (ലേവ്യ. 19:32). എന്നാൽ പുതിയ ഉടമ്പടിയുടെ കീഴിൽ നാം സകല മനുഷ്യരേയും ബഹുമാനിക്കണം. പുതിയ ഉടമ്പടിയുടെ കീഴിൽ എല്ലാ മേഖലകളിലും കുറച്ചുകൂടി ഉന്നതമായ നിലവാരമാണ് പുലർത്തുന്നത്. പഴയ ഉടമ്പടി പ്രകാരം, ആളുകൾ ദൈവത്തിന് 10% കൊടുക്കണമായിരുന്നു, പുതിയ ഉടമ്പടി പ്രകാരം നാം എല്ലാം ദൈവത്തിന് കൊടുക്കണം (ലൂക്കോ 14:33) പഴയ ഉടമ്പടി പ്രകാരം, ഒരു ദിവസം വിശുദ്ധമായി സൂക്ഷിക്കണമായിരുന്നു (ശബ്ബത്ത്). പുതിയ ഉടമ്പടിയിൽ, എല്ലാ ദിവസവും വിശുദ്ധമായിരിക്കണം. പഴയ ഉടമ്പടി പ്രകാരം കടിഞ്ഞൂലായി പിറന്ന ആൺകുഞ്ഞുങ്ങളെല്ലാം ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം. പുതിയ ഉടമ്പടിയിൽ, നമ്മുടെ എല്ലാ കുഞ്ഞുങ്ങളും ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം. ദൈവത്തിന്റെ കൃപ അനുഭവിച്ചിട്ടുള്ള ഒരു മനുഷ്യന് സകല മനുഷ്യരേയും ബഹുമാനിക്കുന്നതിന് ഒരു പ്രയാസവുമില്ല. നാം യേശുവിനെപ്പോലെ ദാസന്മാരായിരിക്കേണ്ടവരാണ്. അതുകൊണ്ട് ഓരോരുത്തരേയും ബഹുമാനിക്കുവാനും "മറ്റുള്ളവരെ നമ്മെളെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണുവാനും" (ഫിലി 2:3) നമുക്ക് കഴിയണം.

പിന്നീട് അദ്ദേഹം പ്രത്യേകമായി ദാസന്മാരോട്, തങ്ങളുടെ യജമാനന്മാർക്ക് കീഴടങ്ങിയിരിക്കുവാൻ പറഞ്ഞിരിക്കുന്നു. എല്ലാ അപ്പൊസ്തലന്മാരും ദാസന്മാരെ, തങ്ങളുടെ യജമാനന്മാർക്ക് കീഴ്പ്പെട്ടിരിക്കുവാനാണ് പഠിപ്പിച്ചത്. തന്റെ ഓഫീസിലോ, ഫാക്ടറിയിലോ തങ്ങളുടെ അധികാരികളോട് മത്സരത്തിന്റെ ഒരാത്മാവുള്ള ഒരു ക്രിസ്ത്യാനി ക്രിസ്തുവിന് വളരെ മോശപ്പെട്ട ഒരു സാക്ഷിയാണ്. സ്കൂളിലോ, കോളേജിലോ, തന്റെ അദ്ധ്യാപകർക്കെതിരെ മത്സരിക്കുന്ന ഒരു ക്രിസ്തീയ വിദ്യാർത്ഥിയും ക്രിസ്തുവിന് വളരെ മോശപ്പെട്ട ഒരു സാക്ഷിയാണ്. അത്തരത്തിലുള്ള ഒരു ക്രിസ്ത്യാനി "ദൈവത്തിന്റെ സത്യകൃപ" എന്നത് ഒട്ടും തന്നെ മനസ്സിലാക്കിയിട്ടില്ല. യേശു വന്ന് അപൂർണ്ണരായ മാതാപിതാക്കൾക്ക് 30 വർഷങ്ങളോളം കീഴടങ്ങിയിരുന്നു എന്നുള്ള കാര്യം അയാൾ മനസ്സിലാക്കിയിട്ടില്ല. നാം എല്ലാവരും പഠിക്കേണ്ടിയിരിക്കുന്ന ഒരു പാഠമാണിത് . ദാസന്മാരെ, നിങ്ങളുടെ യജമാനന്മാർക്ക് സർവ്വ ബഹുമാനത്തോടും കൂടെ കീഴടങ്ങിയിരിപ്പിൻ. നിങ്ങൾ ജോലി ചെയ്യുന്നത് ഒരു ഓഫീസിലോ, ഫാക്റ്ററിയിലോ,സ്കൂളിലോ, ആശുപത്രിയിലോ, മറ്റെവിടെ ആയാലും, ആ സ്ഥലത്ത് നിങ്ങൾക്കു മുകളിലുള്ളവരോട് നിങ്ങൾ ബഹുമാനം കാണിക്കണം.

അദ്ധ്യാപകരെ ബഹുമാനിക്കുവാനും, മറ്റു കുട്ടികളുടെ കൂടെ സംഘം ചേർന്ന് അദ്ധ്യാപകരെ കളിയാക്കാതിരിക്കുവാനും നാം നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. നല്ലവരും ദയാശീലരുമായ യജമാനന്മാർക്കു മാത്രമല്ല ക്രൂരന്മാർക്കു കൂടി കീഴടങ്ങുവാൻ ദാസന്മാർ പഠിക്കണം. ഒരു നല്ല യജമാനനു കീഴടങ്ങുവാൻ എളുപ്പമാണ്. എന്നാൽ ദൈവത്തിന്റെ സത്യകൃപ അനുഭവിച്ചിട്ടുള്ള ഒരു ക്രിസ്ത്യാനി ക്രൂരന്മാരായവർക്കും കൂടെ കീഴടങ്ങും (1 പത്രൊസ് 2:18) നിങ്ങൾ ക്രൂരനായ ഒരു യജമാനന് കീഴടങ്ങുമ്പോഴാണ്, ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളുടെ വെളിച്ചം പ്രകാശിക്കുന്നത്. കത്തുന്ന ഒരു മെഴുകുതിരി സൂര്യപ്രകാശത്തിൽ എളുപ്പം ദൃശ്യമാകുന്നില്ല. എന്നാൽ രാത്രിയിൽ എല്ലാവർക്കും അതിന്റെ വെളിച്ചം കാണാം. അതുപോലെ തന്നെ, ഒരു ക്രിസ്ത്യാനിയുടെ വെളിച്ചം ഏറ്റവും തിളക്കത്തോടെ കാണപ്പെടുന്നത് അവൻ ഇരുണ്ട ചുറ്റുപാടുകളിലായിരിക്കുമ്പോഴാണ്.

നിങ്ങൾ എന്തെങ്കിലും തെറ്റു ചെയ്തതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടിരിക്കുമ്പോൾ ക്ഷമയോടെ കീഴടങ്ങിയിരിക്കുന്നതിൽ ഒരു നന്മയുമില്ല. എന്നാൽ നന്മയായതു ചെയ്തിട്ടും നിങ്ങൾ സഹിഷ്ണുതയോടെ കഷ്ടം സഹിക്കുകയാണെങ്കിൽ, ദൈവത്തിന് നിങ്ങളോട് പ്രസാദമുണ്ട് (1 പത്രൊസ് 2:20) അന്യായമായി കഷ്ടം സഹിക്കുക എന്നതാണ് പത്രൊസിന്റെ ലേഖനത്തിലെ വലിയ പ്രതിപാദ്യങ്ങളിലൊന്ന്. യേശുവും കൃത്യമായി അങ്ങനെതന്നെയാണ് കഷ്ടം സഹിച്ചത് എന്ന് അദ്ദേഹം തുടർന്നു പറയുന്നു. അവിടുന്ന് അന്യായമായി കഷ്ടം സഹിക്കുകയും നമുക്ക് അവന്റെ കാൽചുവടുകൾ പിൻതുടരുവാൻ ഒരു മാതൃക വച്ചേച്ച് പോയിരിക്കുകയും ചെയ്തിരിക്കുന്നു. ഇവിടെ നാം വിളിക്കപ്പെട്ടിരിക്കുന്നത് അവിടുത്തെ കാൽചുവടുകൾ പിൻതുടരുവാനാണ്. അവിടുന്ന് ഒരിക്കലും പാപം ചെയ്തില്ല, അവിടുന്ന് ഒരിക്കലും ഒരു ഭോഷ്ക് പറഞ്ഞില്ല, ശകാരിച്ചിട്ട് അവിടുന്ന് ഒരിക്കലും പകരം ശകാരിച്ചില്ല, പീഢനം സഹിക്കുമ്പോൾ അവിടുന്ന് ഭീഷണിപ്പെടുത്തിയില്ല, എന്നാൽ ന്യായമായി വിധിക്കുന്ന ദൈവത്തിന്റെ പക്കൽ തന്റെ കാര്യം ഭാരമേൽപ്പിക്കുകയാണ് ചെയ്തത് (1 പത്രൊസ് 2:21, 23). 'ദൈവത്തിന്റെ സത്യകൃപ' മനസ്സിലാക്കിയിട്ടുള്ള ഒരു ക്രിസ്ത്യാനി ഇങ്ങനെ തന്നെയാണ് പെരുമാറുന്നത്.

## ലോകവാർത്ത

# കൃത്രിമ മഴ

യുഎസ് രസതന്ത്രജ്ഞനും കാലാവസ്ഥാ ശാസ്ത്രജ്ഞനുമായ വിൻസെന്റ് ഷെയ്ഫർ ആണു കൃത്രിമ മഴ പെയ്യിക്കുന്നതിനുള്ള ഒരു സാങ്കേതികവിദ്യ 1946ൽ ആദ്യമായി രൂപപ്പെടുത്തിയത്. ഡോ. ബർണാഡ് വോൺഗട്ട്, പ്രഫ. ഹെന്റി ചെസിൻ എന്നിവരും കൃത്രിമ മഴയുടെ ആദ്യകാല ഗവേഷകരാണ്.

ക്ലൗഡ് സീഡിങ് എന്നും കൃത്രിമ മഴ പെയ്യിക്കുന്ന സാങ്കേതികവിദ്യയ്ക്കു പറയും. ധാരാളം മേഘങ്ങളുണ്ടെങ്കിലും മഴ പെയ്യാത്ത അവസ്ഥയിലാണു പ്രധാനമായും ക്ലൗഡ് സീഡിങ് പ്രയോഗിക്കുന്നത്. മേഘപടലങ്ങളിലെ നീരാവി ഘനീഭവിച്ചു ജല തുള്ളികളായി മാറുന്നില്ലെന്നതാണു പ്രശ്നം. നീരാവിയെ രാസവസ്തുക്കളുടെ സഹായത്തോടെ വെള്ളത്തുള്ളികളാക്കി മാറ്റി കൃത്രിമ മഴ പെയ്യിക്കുകയാണു ചെയ്യുന്നത്. പ്രധാനമായും മൂന്നുഘട്ടമായാണ് ഇതു ചെയ്യുന്നത്.

1. ആദ്യമായി അവിടവിടെയായി ചിതറി അലയുന്ന ചെറുമേഘങ്ങളെ ഒരുമിച്ചുകൂട്ടുന്നു. ഇതിനു ചില രാസവസ്തുക്കൾ ഉപയോഗിക്കും. ഒരു നിശ്ചിത പ്രദേശത്തുള്ള മേഘപടലങ്ങളെയെല്ലാം നമുക്കു മഴ പെയ്യിക്കേണ്ട സ്ഥലത്തിന്റെ സമീപപ്രദേശങ്ങളിലായി ഒരുമിച്ചുകൂട്ടാമെന്നാണ് ഇപ്പോൾ ശാസ്ത്രജ്ഞർ പറയുന്നത്.

2. അടുത്തതായി വെള്ളത്തുള്ളികൾ രൂപമെടുക്കണം. അതിനായി നീരാവിയുടെ സൂക്ഷ്മ കണികകൾ ഒരുമിച്ചു കൂടണം. ചില രാസവസ്തുക്കൾ ഈ ഒരുമിച്ചുകൂടലിനു സഹായിക്കും. അങ്ങനെ ആ ചെറു ജലകണങ്ങൾ പറ്റിപ്പിടിക്കാൻ സഹായിക്കുന്ന യൂറിയ, അമോണിയം നൈട്രേറ്റ്, കാൽസ്യം ക്ലോറൈഡ് തുടങ്ങിയ രാസവസ്തുക്കൾ വിതറിക്കൊടുക്കും. ഇതിനുചുറ്റുമാണു ജലകണങ്ങൾ രൂപമെടുക്കുക. ദൈവകണവും മാസും വിശദീകരിക്കാൻ ഉപയോഗിക്കുന്ന കോക്ടെയിൽ പാർട്ടിയുമായി ഇതിനെ താരതമ്യം ചെയ്യാം.



3. മഴ പെയ്യുന്നതിനാവശ്യമായ വലുപ്പവും ഭാരവുമുള്ള ജലത്തുള്ളികളായി ഈ ചെറു ജലകണങ്ങൾ രൂപം കൊള്ളുകയാണ് ഇനി വേണ്ടത്. ഇതിനായി സിൽവർ അയഡൈഡ്, ഡ്രൈ ഐസ് എന്നീ രാസപദാർഥങ്ങൾ ചേർക്കും. ഇതോടെ ജലകണികകൾക്കു വലുപ്പം കൂടുകയും ഗുരുത്വാകർഷണം മൂലം മഴയായി താഴേക്കുപതിക്കുകയും ചെയ്യുന്നു.

ഭൂമിയിൽനിന്ന് 12,000 അടി ഉയരത്തിലുള്ള, 2,000 മീറ്റർ കനവും ആറു കിലോമീറ്റർ നീളവുമുള്ള മേഘ പടലങ്ങളാണു കൃത്രിമ മഴ പെയ്യിക്കാൻ ഉത്തമമെന്നു ശാസ്ത്രജ്ഞർ പറയുന്നു. റഡാറുകളുടെ സഹായത്താലാണ് ഈ മേഘങ്ങൾ ഏറെയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നത്. വിമാനത്തിന്റെ സഹായത്തോടെയോ റോക്കറ്റുപയോഗിച്ചോ മേഘപാളികളിൽ രാസവസ്തുക്കൾ വിതറുന്നു.

### അണക്കെട്ടു നിറയ്ക്കാൻ ജപ്പാനിൽ കൃത്രിമ മഴ

അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞതിനെത്തുടർന്നു ടോക്കിയോ നഗരത്തിലും ചുറ്റുവട്ടത്തും 12 വർഷങ്ങൾങ്ങൾക്കുശേഷം അടുത്തകാലത്തു കൃത്രിമ മഴ പെയ്യിച്ചു. അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ മഴ ലഭിക്കത്തക്കവിധം അന്തരീക്ഷത്തിൽ രാസവസ്തുക്കൾ വിതറിയതോടെ 10 മില്ലിമീറ്റർവരെ മഴയാണു പെയ്തിറങ്ങിയത്. പ്രത്യേക ഉപകരണം വഴി അന്തരീക്ഷത്തിൽ സിൽവർ അയഡൈഡ്– അസറ്റോൺ മിശ്രിതം വിതറുകയായിരുന്നു.

Christian Newspaper
Published from Kuwait

വേദപാഠം



**നോഹയെയും കുടുംബത്തെയും ഒരു തുള്ളി മഴവെള്ളം പോലും വീഴാതെ ദൈവം സംരക്ഷിച്ചപോലെ, അല്ലെങ്കിൽ സോദോം ഗോമേറ നശിപ്പിച്ചപ്പോൾ ലോത്തിനെയും കുടുംബത്തെയും സംരക്ഷിച്ചതു പോലെ മഹാപീഡന കാലത്തിൽ നിന്നും തന്റെ വിശുദ്ധന്മാരെ ദൈവം സംരക്ഷിക്കും.**

# കർത്താവിന്റെ രണ്ടാം വരവ്

''നിങ്ങൾ ഈ ലോകത്തിൽ മാത്രം പ്രത്യാശ വെച്ചിരിക്കുന്നുവെങ്കിൽ സകല മനുഷ്യന്മാരിലും അരിഷ്ടന്മാരത്രേ'' എന്ന് പൗലോസ് അപ്പോസ്തോലൻ പറയുന്നു.

ഒരു ഭാവി ജീവിതം (സ്വർഗം) ഇല്ലെങ്കിൽ നാം എന്തിനു കർത്താവിനു വേണ്ടി ജീവിക്കണം? നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവിലും അവനോടൊപ്പമുള്ള ഭാവിജീവിതവും സ്വപ്നം കാണുന്നവർ സ്വർഗത്തിൽ നിക്ഷേപം ഉണ്ടാക്കും. അല്ലാത്തവർ ഈ ലോകത്തിൽ പുഴുവരിച്ചു പോകുന്ന നിക്ഷേപം ഉണ്ടാക്കും.

കർത്താവിന്റെ രണ്ടാം വരവിനു പ്രധാനമായും മൂന്ന് ഘട്ടങ്ങളാണ് ഉള്ളത്. 1. ഉൽപ്രാപണം (RAPTURE). 2. എതിർക്രിസ്തുവിന്റെ ഭരണവും മഹാപീഡനകാലവും. 3. ക്രിസ്തുവിന്റെ രണ്ടാം വരവ്

### 1. ഉൽപ്രാപണം

''ഈ ലോകത്തിൽ വിശുദ്ധിയിൽ ജീവിക്കുന്ന കർത്താവിന്റെ മണവാട്ടിയായ തിരുസഭ മധ്യാകാശത്തിൽ കാഹളം ധ്വനിക്കുമ്പോൾ കർത്താവിനെ സ്വീകരിക്കാൻ എടുക്കപ്പെടുകയും ദൈവം മഹാപീഡന കാലത്തിൽ നിന്നും തന്റെ വിശുദ്ധരെ സംരക്ഷിക്കുകയും ചെയ്യുന്നതാണ് ഉൽപ്രാപണം എന്ന് പറയുന്നത്.'' വിശുദ്ധിയിൽ ജീവിക്കുന്ന സഭയെ എടുക്കാനായി കർത്താവ് മദ്ധ്യാകാശത്തിൽ വരുമ്പോൾ ദൈവസഭ (വിശുദ്ധിയിൽ ജീവിക്കുന്ന വിശ്വാസികൾ, ഒളിവും ചുളിവും ഇല്ലാത്ത കർത്താവിന്റെ മണവാട്ടി) രൂപാന്തരപ്പെടും. കർത്താവിന്റെ വരവിനു വേണ്ടി കാത്തിരിക്കുന്ന വിശുദ്ധർ ഒരു നിമിഷം കൊണ്ട് രൂപാന്തരപ്പെട്ടു മധ്യാകാശത്തിൽ കർത്താവിനെ വരവേൽക്കാൻ എടുക്കപ്പെടും. അങ്ങനെ അവർ വരുവാനിരിക്കുന്ന എതിർക്രിസ്തുവിന്റെ ഭരണകാലത്തെ പീഡനങ്ങളിൽ നിന്നും ഭൂമിയിൽ സംഭവിക്കാനിരിക്കുന്ന കഷ്ടതകളിൽ നിന്നും രക്ഷ പ്രാപിക്കും.

നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും (1 കൊരിന്ത്യർ 15:51,53).

1 തെസ്സലൊനിക്യർ 4:16,17 ൽ പറയുന്നു: ''കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.''

യോഹന്നാന്റെ സുവിശേഷം 14 -ാം അധ്യായത്തിൽ കർത്താവു തന്നെ പറയുന്നു: ''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും''. തന്റെ മക്കൾക്ക് നല്ല ദാനങ്ങളെ നൽകുവാൻ ആഗ്രഹിക്കുന്ന ദൈവം യേശുവിലൂടെ നമുക്ക് വാസസ്ഥലം ഒരുക്കിയിരിക്കുകയാണ്. നമ്മെ അവിടേക്ക് ചേർത്ത് കൊള്ളുമെന്നു വാഗ്ദാനവും നൽകിയിരിക്കുന്നു.

### എപ്പോൾ സംഭവിക്കും?

''ആ നാളും നാഴികയും സംബന്ധിച്ചോ എൻറെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല'' (മത്തായി 24:36). വളരെ ആകസ്മികമായി കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. അത് എപ്പോൾ സംഭവിക്കുമെന്ന് ആരും അറിയുന്നില്ല. ഒരുങ്ങിയിരിക്കുന്ന ദൈവ ജനത്തിന് മാത്രമേ ഈ സൗഭാഗ്യം ലഭിക്കയുള്ളു.

ഉൽപ്രാപണം മഹാപീഡനകാലത്തിനു മുൻപ് നടക്കുമെന്നാണ് വിശ്വാസം. നോഹയെയും കുടുംബത്തെയും ഒരു തുള്ളി മഴവെള്ളം പോലും വീഴാതെ ദൈവം സംരക്ഷിച്ചപോലെ, അല്ലെങ്കിൽ സോദോം ഗോമേറ നശിപ്പിച്ചപ്പോൾ ലോത്തിനെയും കുടുംബത്തെയും സംരക്ഷിച്ചപോലെ മഹാപീഡന കാലത്തിൽ നിന്നും തന്റെ വിശുദ്ധന്മാരെ ദൈവം സംരക്ഷിക്കും.

വെളിപ്പാട്: 3:10: സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും.

ഭൂമിയിൽ വരുവാനിരിക്കുന്ന പരീക്ഷകാലത്ത് സഭയെ കാക്കും എന്നു ദൈവം വാഗ്ദാനം നൽകിയിരിക്കുന്നു. വെളിപ്പാട് പുസ്തകം ആദ്യത്തെ മൂന്ന് അധ്യായങ്ങളിൽ സഭയെ കുറിച്ച് മാത്രമാണ് പറയുന്നത്. എന്നാൽ നാലാം അധ്യായം മുതൽ പറയപ്പെടുന്ന സംഭവവികാസങ്ങളിൽ എങ്ങും തന്നെ സഭയെ കുറിച്ച് പ്രതിപാദിക്കുന്നില്ല. അപ്പോൾ ഈ സംഭവങ്ങൾക്ക് മുൻപ് സഭ മാറ്റപ്പെടണം.

നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ (മത്തായി: 24:42-44).

# ജോർജ്ജ് മുള്ളർ

*(ഒന്നാം പേജിൽ നിന്ന് തുടർച്ച)*

ത്തെ പ്രാർത്ഥനയും ബൈബിൾ സന്ദേശവും നിനക്കൊരു പുതുജീവൻ നൽകും. ബേത്ത് പ്രത്യാശയോടെ പറഞ്ഞു. ആ പ്രാർത്ഥനാകൂട്ടായ്മ മുള്ളറിന്റെ ജീവിതത്തെ പിടിച്ചു കുലുക്കി. സ്നേഹനിർഭരമായ ഇടപെടലും, പ്രാർത്ഥനാവാക്കുകളും, ദൈവീക സാന്നിധ്യവും മുള്ളറിനെ വേറൊരാളാക്കി മാറ്റി. പിൽക്കാലത്ത് ആഫ്രിക്കയിലേക്ക് മിഷനറിയായ പോയ കെയ്സർ എന്ന സഹോദരന്റെ മുട്ടുകുത്തിയുള്ള പ്രാർത്ഥന തന്റെ ജീവിതത്തെ മാറ്റി മറിച്ചു. ജീവിതത്തിലൊരിക്കലും മുട്ടുകുത്തിയുള്ള പ്രാർത്ഥന അദ്ദേഹം കണ്ടിട്ടില്ല. ചെയ്തിട്ടില്ല. അന്നു രാത്രി കിടക്കമേൽ മുട്ടുമടക്കി മുള്ളർ പ്രാർത്ഥിച്ചു. യേശുനാഥാ എന്നോട് ക്ഷമിക്കേണമേ... പാപവഴികളെ ഉപേക്ഷിച്ച് പുതു മനുഷ്യനാകുവാൻ ഞാനാഗ്രഹിക്കുന്നു. അന്നുമുതൽ മുള്ളറിന്റെ ജീവിതം പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കും വഴിമാറി. എല്ലാ ദിവസവും അനേകമണിക്കൂർ മുട്ടുകുത്തി പ്രാർത്ഥിക്കുക പതിവായി. ശനിയാഴ്ചത്തെ പ്രാർത്ഥനാക്കൂട്ടായ്മ അദ്ദേഹത്തെ വിശ്വാസവീരനാക്കി. പിതാവിൽ നിന്ന് പണം സ്വീകരിക്കാതെ വിശ്വാസജീവിതം ചവിട്ടിക്കയറി. മനുഷ്യരോട് ആവശ്യങ്ങൾ പറയാതെ രഹസ്യത്തിതൽ കാണുന്ന പിതാവിനോട് മാത്രം മുട്ടുകുത്തിയാചിച്ചു. അയൽസഭകളിൽ പോയി പ്രസംഗിക്കുകയും ആളാംപ്രതി സുവിശേഷമറിയിക്കുകയും ചെയ്ത് മുള്ളർ അനേകായിരങ്ങൾക്ക് സുവിശേഷപ്രതികളും ബൈബിളും നൽകി.

1836 ൽ മുള്ളറും ഭാര്യ മേരിയും ചേർന്ന് നിർധനകുട്ടികൾക്കായി ഒരു അഭയകേന്ദ്രം ഇംഗ്ലണ്ടിലെ ബ്രിസ്റ്റോളിലെ സ്വവസതിയിലാരംഭിച്ചു. മുപ്പത് കുട്ടികളിൽ നിന്നാരംഭിക്കുമ്പോൾ മുള്ളറിന്റെ പക്കൽ രണ്ട് ഷില്ലിങ് പണം മാത്രമേയുണ്ടായിരുന്നുള്ളൂ. പിന്നീട് അനേകായിരം കുട്ടികളെ പുലർത്തുവാൻ മുള്ളറിനെ ദൈവം ഉപയോഗിച്ചു. ഒരിക്കലും ഒരു നേരംപോലും ഭക്ഷണം മുടങ്ങാതെ മുള്ളറിനെ ദൈവം വഴി നടത്തി. ഗവൺമെന്റിൽ നിന്ന് സഹായം സ്വീകരിക്കാതെ, ആരോടും ആവശ്യങ്ങൾ അറിയിക്കാതെ നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്നത് മുള്ളറിന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി. മുള്ളറിന് ഒരിക്കലും കടം വന്നിട്ടില്ല.

തൊഴിൽ പരിചയവും, നിലവാരമുള്ള വിദ്യാഭ്യാസവും മുള്ളർ കുട്ടികൾക്ക് നൽകി. കൂടെ വിശ്വാസജീവിത പരിശീലനവും. ഒരിക്കൽ പ്രഭാതഭക്ഷണത്തിനുവേണ്ടി ഒഴിഞ്ഞ ഭക്ഷണപാത്രങ്ങൾക്കുമുമ്പിൽ മുള്ളറിനോടൊപ്പം കുട്ടികളും വിശ്വാസത്താൽ പ്രാർത്ഥിച്ചുതുടങ്ങി. പ്രാർത്ഥിച്ചു തീർന്നയുടനെ എല്ലാ കുട്ടികൾക്കുമാവശ്യമായ റൊട്ടിയുമായി ഒരപരിചിതൻ വാതിക്കൽ! വായ് കീറിയവൻ ഇരയും നൽകുമെന്ന കാഴ്ച ഒരിക്കൽക്കൂടി മുള്ളർ കണ്ടു. തനിക്കു ലഭിക്കുന്ന ചെറിയ ദാനങ്ങളിൽ പോലും പേരെഴുതിസൂക്ഷിക്കുന്ന പതിവ് മുള്ളറിനുണ്ടായിരുന്നു. പഴയ സ്പൂണിൽപ്പോലും!

ഭർത്താവിന്റെ ഉദ്യമങ്ങളിൽ സഹകരിച്ച് സന്തോഷത്തോടെ കഷ്ടം സഹിച്ച മേരിയുടെ മരണം അദ്ദേഹത്തെ ഏറെ തളർത്തി. എന്നാൽ 1871 ൽ സൂസന്നയെ വിവാഹം ചെയ്യുകയും ജീവിതസായാഹ്നത്തിൽ 42 രാജ്യങ്ങളിൽ സുവിശേഷപര്യടനം നടത്തുകയും ചെയ്തു.

1892 ൽ ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ മുള്ളർ 1898 മാർച്ച് 10 ന് 92-ാമത്തെ വയസ്സിൽ വിശ്രാമനാട്ടിലേക്ക് പറന്നുപോയി. മുള്ളറിന്റെ ദൈവത്തെ പരിചയപ്പെടുത്തിക്കൊണ്ട് "ദി ജോർജ് മുള്ളർ ചാരിറ്റബിൾ ട്രസ്റ്റ്" ഇന്നും ആതുരസേവനരംഗത്ത് പരിലസിക്കുന്നു.

കഥ

# രൂപാന്തരപ്പെട്ട ഇടയൻ



"ഞങ്ങളെത്തന്നെ അല്ല ക്രിസ്തുയേശുവിനെ കർത്താവ് എന്നും ഞങ്ങളെയോ യേശുനിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്" (2 കൊരി 4:5).

ഒരു വലിയ സഭയുടെ പാസ്റ്ററായി ബൈബിൾ സ്കൂൾ പഠനം പൂർത്തിയാക്കിയ ഒരു യുവാവിനെ നിയമിച്ചു. പുതിയ പാസ്റ്ററുടെ ബിരുദങ്ങളും പ്രസംഗപാടവവും സംഘടനാ പാടവവും വിശ്വാസികൾക്കെല്ലാം ഇഷ്ടമായി. എന്നാൽ തന്റെ പ്രസംഗങ്ങളിൽ എന്തോ ഒരു കുറവ് നിഴലിക്കുന്നതായി അവർക്കു തോന്നി.

ഒരു ഞായറാഴ്ച പാസ്റ്റർ പ്രസംഗിക്കാനെഴുന്നേറ്റപ്പോൾ പ്രസംഗപീഠത്തിന് സമീപം വച്ചിരുന്ന ഒരു കുറിപ്പ് ശ്രദ്ധയിൽപ്പെട്ടു. അതിൽ ഇപ്രകാരം എഴുതിയിരുന്നു. "പാസ്റ്റർ ഞങ്ങൾക്ക് യേശുവിനെ കാണണം" ഈ കുറിപ്പ് പാസ്റ്ററുടെ ജീവിതത്തെ സ്പർശിച്ചു. പരിശുദ്ധാത്മാവ് അവന്റെ അഹന്തയെയും കാപട്യത്തെയും അവന് ബോധ്യമാക്കി. സ്വയത്തെ ഉയർത്തുന്ന പ്രസംഗങ്ങൾ അവസാനിപ്പിക്കുവാനും യേശുക്രിസ്തുവിനെ മാത്രം മഹത്വതപ്പെടുത്താനും ആ നിമിഷം തീരുമാനിച്ചു.

ആ ദിവസം മുതൽ അദ്ദേഹത്തിന്റെ പ്രസംഗവിഷയങ്ങൾ മാറി. പാപിയുടെ ഭയങ്കരമായ അവസ്ഥ, രക്ഷയുടെ ആവശ്യകത, സർവ്വലോകത്തിന്റെയും രക്ഷകനായ ക്രിസ്തു, നിത്യജീവനും ഭാഗ്യകരമായ പ്രത്യാശയും തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രസംഗവിഷയങ്ങളായി. ഈ സന്ദേശങ്ങൾ കേൾവിക്കാരിലും പാസ്റ്ററിലും വലിയ രൂപാന്തരം വരുത്തുവാൻ കാരണമായി.

മാസങ്ങൾക്കുശേഷം, പ്രസംഗപീഠത്തിന് സമീപത്തു നിന്ന് ഒരു കുറിപ്പു കൂടി പാസ്റ്റർ കണ്ടെത്തി. അതിൽ ഇങ്ങനെ എഴുതിയിരുന്നു. "കർത്താവിനെ കണ്ടതുകൊണ്ട് ശിഷ്യന്മാർ സന്തോഷിച്ചു".

"നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ" (പ്രവൃ 20:28).

## SNEHITHAN COLOURS 2017

COLORING COMPETITION



Snehithan presents drawing & coloring competition
for children between **3 YEARS TO 16 YEARS** old
on Friday, **MARCH 31ST 2017** from 2:00 pm to 4:00 pm.

Last day for registration is MARCH 26th 2017
Registration fee is 1.000 KWD

PLACE: FULL GOSPEL CHURCH HALL, ABBASIYA
BALANSIYA BAKERY BASEMENT

**LIMITED SEATS ONLY, SO HURRY UP AND REGISTER TODAY..!!!**

Details required for registration: Full name, DOB, Age, Church & Contact no.
Incomplete details will not be accepted. All materials will be provided by us.

| CATEGORIES: |
|---|
| 1. Outline drawing will be provided.<br>Participants should color the same for Group A, B & C. |
| GROUP A - [Age: 3 years - 5 years]<br>GROUP B - [Age: 6 years - 8 years]<br>GROUP C - [Age: 9 years - 11 years] |
| 2. Biblical theme based drawing/sketching<br>using only pencil for Group D. |
| GROUP D - [Age: 12 years - 16 years] |

**For registration, please email your details to balasnehithan@gmail.com or call 97496970, 51013316**

## Less time for Valuable things

A thief went into a jewellery shop. He did not steal anything. What he did was, he changed the price tags. The cheaper ones had expensive tags and vice versa so that he could come again and buy the expensive jewels for a cheaper price.

Our enemy the Satan does the same thing. The less valuable things in our life like social media, friends, work are given a higher value so that more time is spent on them. As a result the valuable things like prayer, Bible reading, worship get less time.




## ഇടയ വഴിയ്ക്ക് ശുഭയാത്ര

**മൂന്ന് വർഷത്തെ സഭാ പരിപാലനത്തിന് ശേഷം കുവൈറ്റിൽ നിന്ന് മടങ്ങുന്ന സഭാ പാസ്റ്റർമാർക്ക് സ്നേഹിതൻ വാർത്തയുടെ ശുഭയാത്ര നേരുന്നു.**


പാസ്റ്റർ ചെറിയാൻ ഫിലിപ്പ്, കുവൈറ്റ് ചർച്ച് ഓഫ് ഗോഡ്


പാസ്റ്റർ ഷാജി എം. സ്കറിയ, ചർച്ച് ഓഫ് ഗോഡ് അഹ്മദി


പാസ്റ്റർ വി പി ഫിലിപ്പ് ഐപിസി കുവൈറ്റ്


പാസ്റ്റർ നൈനാൻ ജോർജ്, ഷാരോൺ ഫെല്ലോഷിപ്പ്


പാസ്റ്റർ ജോഷി കുര്യൻ ന്യൂ ലൈഫ് എ.ജി. മംഗഫ്


പാസ്റ്റർ സജി എബ്രഹാം, ബഥേൽ എ.ജി.

## നല്ല സ്നേഹിതൻ സ്കൂൾകിറ്റ് വിതരണത്തിൽ പങ്കാളിയാകുക

സ്നേഹിതൻ വാർത്ത പത്രിക പുതിയ അദ്ധ്യയന വർഷം പിന്നോക്ക മേഖലയിൽ 1000 രൂപയുടെ സ്കൂൾ കിറ്റ് ഒരു കുട്ടിക്ക് എന്ന നിലയിൽ കൊടുക്കുവാൻ ആഗ്രഹിക്കുന്നു. ദൈവഹിതമെങ്കിൽ അത് നടക്കുവാൻ വായനക്കാരുടെ ഉദാരമായ മനസ്സിൽ നിന്നുമുള്ള പിന്തുണ തേടുന്നു. ഒരു കുട്ടിയെ സഹായിക്കുവാൻ 1000 രൂപ ചെലവാക്കുവാൻ താല്പര്യമുള്ളവരിലൂടെ ഒരു വലിയ ശുശ്രൂഷ നിർവഹിക്കപ്പെടുകയാണ്. അത്രയ്ക്കും പരാധീനമായ സാഹചര്യങ്ങൾ ഉള്ള നിരവധി കുട്ടികൾ നമ്മുടെ കേരളത്തിൽ ഉണ്ട്.

സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക: 51013316, 66139849

## വെബ് സൈറ്റ് ആരംഭിച്ചു

കുവൈറ്റ്: ലോകമെമ്പാടുമുള്ള മലയാള പെന്തക്കോസ്തു സഭകളെ കോർത്തിണക്കി www.sabhavarthakal.com എന്ന പുതിയ വെബ്സൈറ്റ് നിലവിൽ വന്നു. നവംബർ പതിനാറാം തിയതി ബുധനാഴ്ച കുവൈറ്റിൽ വച്ച് നടന്ന ക്രിസ്തീയ സമ്മേളനത്തിൽ പാ. എം. എ. തോമസ് (പ്രസിഡന്റ്, ഐപിസി കുവൈറ്റ് റീജിയൻ) വെബ്സൈറ്റ്, ക്രൈസ്തവ കൈരളിക്കു സമർപ്പിച്ചു. പാ. നൈനാൻ ജോർജ് (ശാരോൺ ഫെല്ലോഷിപ്പ് ചർച്ച്, കുവൈറ്റ്) അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ പാ. ഷാജി സ്കറിയാ (പ്രസിഡന്റ്, ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയൻ) വെബ്സൈറ്റ് ലോഗോ ഉത്ഘാടനം നിർവഹിച്ചു. ബ്രദർ ബ്ലസൺ ഡാനിയേൽ വെബ് സൈറ്റ് അവതരണം നടത്തി. ഇതര സഭ ശ്രുശൂഷകന്മാർ, വിശ്വാസികൾ, മാധ്യമ പ്രവർത്തകർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

## പാസ്റ്റർ ബെനിസൺ മത്തായി മുഖ്യ പ്രസംഗകൻ



കുവൈറ്റ്: പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ യു.പി.എഫ്.കെ. യുടെ 2017-ലെ കൺവൻഷനിൽ പാസ്റ്റർ ബെനിസൺ മത്തായി, ഓവർസിയർ ചർച്ച് ഓഫ് ഗോഡ് മുംബൈ റീജിയൻ പ്രസംഗിക്കും. ഒക്ടോബർ 18,19,20 ദിനങ്ങളിലാണു കൺവൻഷൻ നടക്കുന്നത്.

## കുവൈറ്റിൽ മലയാളി പെന്തക്കോസ്ത് മാധ്യമ കൂട്ടായ്മ

കുവൈറ്റ്: കുവൈറ്റിലുള്ള കേരള പെന്തക്കോസ്തു മാധ്യമങ്ങളുടെ കൂട്ടായ്മ, മലയാളി പെന്തെക്കോസ്റ്റൽ മീഡിയ കുവൈറ്റ് (MPMK) നിലവിൽ വന്നു. പ്രവാസി പെന്തക്കോസ്തു സമൂഹത്തിന്റെ ആത്മീക, ആതുര, സാമൂഹിക മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ മലയാള പെന്തക്കൊസ്തു മാധ്യമങ്ങൾക്കു കഴിഞ്ഞു. മാർച്ച് 10 ന്, അബ്ബാസിയ എബനേസർ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന MPMK യുടെ പ്രഥമ യോഗത്തിൽ സാം തോമസ്, സ്നേഹദീപം (പ്രസിഡണ്ട്), വിജു അമ്പാട്ട്, മന്ന (സെക്രട്ടറി), ജെയ്സൺ മണകാല, സ്നേഹിതൻ (ട്രഷറർ), ബ്ലസൻ ഡാനിയൽ, സഭാവാർത്തകൾ.കോം (കോഓർഡിനേറ്റർ), ബിനു വടക്കാഞ്ചേരി, ക്രൈസ്തവ എഴുത്തുപുര (പബ്ലിസിറ്റി കൺവീനർ), സാം ജോർജ്, സ്നേഹദീപം (മെംബർ) എന്നിവരെ തിരഞ്ഞെടുത്തു.

## വൈ.എം.സി.എ കൺവൻഷൻ: എസക്കിയ ഫ്രാൻസിസും ബെനീറ്റ ഫ്രാൻസിസും പ്രസംഗിക്കും

കുവൈറ്റ്: വൈ.എം.സി.എ. കൺവൻഷൻ 2017 മെയ് 9 മുതൽ 13 വരെ നടക്കും. ഡോക്ടർ എസക്കിയ ഫ്രാൻസിസും ബെനീറ്റ ഫ്രാൻസിസും ദൈവവചന പ്രഭാഷണം നടത്തും. മെയ് 9 ന് സാൽമിയ ഗാർഡന് സമീപം യുഎഇ എക്സ് ചേഞ്ച് കെട്ടിടത്തിലും 10 ന് അബ്ബാസിയ എ.ബ. ഹാളിലും 11 മുതൽ 13 വരെ അബ്ബാസിയ യുണൈറ്റഡ് ഇന്ത്യൻ സ്കൂളിലും ആയിരിക്കും കൺവൻഷൻ.

## പാസ്റ്റേർസ് ഫാമിലി ഫെലോഷിപ്പിന് പുതിയ നേതൃത്വം

കുവൈറ്റ്: കുവൈറ്റിലുള്ള പെന്തക്കോസ്തു സഭാ ശുശ്രുഷകന്മാരുടെ കൂട്ടായ്മയായ പാസ്റ്റേർസ് ഫാമിലി ഫെലോഷിപ്പിന് 2017 പ്രവർത്തന വർഷത്തേക്കുള്ള പുതിയ നേതൃത്വം നിലവിൽ വന്നു. പാസ്റ്റർമാരായ എം. ജോൺസൻ, ടി. എം. സാമുവേൽ (അബ്ബാസിയ), ബിജു ജോയി, പി. എസ്. പ്രിൻസ് (മംഗഫ്) എന്നിവരാണ് പുതിയ ഭാരവാഹികൾ. കർത്തൃദാസന്മാരും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്ത യോഗത്തിൽ, തങ്ങളുടെ കുവൈറ്റിലെ ശുശ്രുഷ കാലയളവ് പൂർത്തീകരിച്ചു നാട്ടിലേക്കു മടങ്ങുന്ന പാസ്റ്റർമാരായ നൈനാൻ ജോർജ് (ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്, കുവൈറ്റ്), ഷാജി ഇടുക്കി (ചർച്ച് ഓഫ് ഗോഡ്, അഹ്മദി), വി. പി. ഫിലിപ്പ് (ഐപിസി, കുവൈറ്റ്), സജി എബ്രഹാം (ബെഥേൽ ഏ. ജി), ചെറിയാൻ ഫിലിപ്പ് (കുവൈറ്റ് ചർച്ച് ഓഫ് ഗോഡ്), കോശി കുര്യൻ (ഏ.ജി.മംഗഫ്) എന്നിവർക്ക് യാത്രാമംഗളങ്ങളും നേർന്നു.

## കേരളത്തിലേക്ക് മടങ്ങുന്നു

സ്നേഹിതൻ പ്രവർത്തകൻ സഹോദരൻ സാബു ജോർജ് 12 വർഷത്തെ പ്രവാസ ജീവിതത്തിന് ശേഷം കുടുംബമായി മാർച്ച് 28 ന് കേരളത്തിലേക്ക് മടങ്ങുന്നു.

സ്നേഹിതൻ വാർത്താ പത്രികയുടെ കേരളത്തിലെ പ്രവർത്തനങ്ങളുടെ ചുമതല ഏറ്റെടുക്കും. വായനക്കാരുടെ പ്രാർത്ഥന അപേക്ഷിക്കുന്നു.

ഫോൺ: 0091 9446253940

## ഐ സി പി എഫ് കുവൈറ്റ് 2017- 2018 ഭാരവാഹികൾ

സ്റ്റാൻലി ഫെഡ്രിക്ക്, മാത്യു ദാനിയേൽ (രക്ഷാധികാരികൾ), ജേക്കബ് മാമ്മൻ, ഫിന്നി ചെറിയാൻ ജോർജ് (ഉപദേശക സമിതി), ജിജി ഫിലിപ്പ് (പ്രസിഡന്റ്), ജെസ് ജേക്കബ് (വൈസ് പ്രസിഡന്റ്), റെബു ചെറിയാൻ (സെക്രട്ടറി), ഡില്ലൻ ജേക്കബ് (ജോ.സെക്രട്ടറി), ജോസഫ് സിജു തോമസ് (ട്രഷറർ), ജോജി ബി ജോൺ (ജോ. ട്രഷറർ).

PRINTED AND PUBLISHED BY SAJI K. J. (97496970), JAISON MANAKALA (66139849)